# Desabhimani
# 29 July 2018
# After Flood Reconstruction, Wartime Basis

## റോഡ് പുനർനിർമാണം യുദ്ധകാലാടിസ്ഥാനത്തിൽ: മന്ത്രി

**സ്വന്തം ലേഖകൻ**

**തിരുവനന്ത പുരം**

സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർനിർ മാണം യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കുമെന്ന് മന്ത്രി ജി സുധാകരൻ പറഞ്ഞു. തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുകയാണ് ആദ്യലക്ഷ്യം. തുടർന്ന് ഇവയുടെ നവീകരണം ഏറ്റെടുക്കും. സംസ്ഥാനത്തെ മൂന്നുലക്ഷത്തിലധികം വരുന്ന റോഡുകളുടെ 40 ശതമാനവും തകർന്ന നിലയിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൂന്നാമത് എൻജിനിയേഴ്സ് കോൺഗ്രസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

- **റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആഗസ്ത് അഞ്ചിനകം റിപ്പോർട്ട് ലഭ്യമാക്കും**
- **106566 കോടി രൂപയുടെ റോഡ് നിർമാണ പ്രവൃത്തികൾ മുന്നേറുന്നു**

2016ൽ മഴയിൽ 50 ശതമാനം റോഡുകളും തകർന്നു. ഇടുക്കി പോലുള്ള ജില്ലകളിൽ 70 ശതമാനത്തിലേറെ റോഡുകളാണ് തകർന്നത്. ഒരുവർഷത്തെ പ്രവർത്തനത്തെത്തുടർന്ന് 2017ൽ മഴക്കെടുതിയിൽ 16 ശതമാനം റോഡ് മാത്രമാണ് തകർന്നത്. ഈ വർഷം പരമാവധി 10 ശതമാനം തകർച്ചയാണ് പ്രതീക്ഷിച്ചത്. തകർന്ന റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആഗസ്ത് അഞ്ചിനകം റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പുമേധാവികൾക്ക് നിർദേശം നൽകി.

സംസ്ഥാനത്ത് 106566 കോടി രൂപയുടെ റോഡ് നവീകരണ ജോലികൾ മുന്നേറുന്നു. ദേശീയ പാത 66ൽ 30000 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ദേശീയ പാതാ അതോറിട്ടി അംഗീകാരം ലഭിച്ചത്. സംസ്ഥാന സർക്കാരിന്റെ തീരദേശ - മലയോര ഹൈവേ പദ്ധതികളിൽ 30000 കോടി രൂപയുടെ നിക്ഷേപമാണ് നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് നേരിട്ടും വകുപ്പിലെ വിവിധ ഏജൻസികൾ വഴിയുമാണ് ഈ പ്രവൃത്തികളെല്ലാം പുരോഗമിക്കുന്നത്. മുൻ സർക്കാരുകളുടെ കാലത്ത് ആരംഭിച്ച പദ്ധതികളും പുരോഗമിക്കുന്നു. കഴിഞ്ഞ സർക്കാർ തുടങ്ങിവച്ചതും പാതിവഴിയിൽ ഉപേക്ഷിച്ചതുമായ പദ്ധതികളും ഇതിൽപ്പെടും. പദ്ധതികളുടെ പോരായ്മകൾ പരിഹരിച്ച് നടപ്പാക്കാനാണ് മുൻഗണന നൽകുന്നത്. കുഴപ്പക്കാരെ കണ്ടെത്തി തിരുത്തിക്കുന്നതിനൊപ്പം, പദ്ധതി കൃത്യമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.